# കേരള സർവകലാശാല

നം.പി.ആർ.253/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 ഡിസംബറിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം (മേഴ്സി ചാൻസ് - റണ്ണിംഗ് സ്കീം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബർ 12 മുതൽ നടത്താനിരുന്ന പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകൾ 2020 ജനുവരി 6, 8, 10 തീയതികളിലേയ്ക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് 2019 – 20 അദ്ധ്യയന വർഷത്തിൽ രണ്ടാം സെമസ്റ്ററിലേക്ക് കോളേജ് മാറ്റത്തിനായി അപേക്ഷിക്കാം. വിദ്യാർത്ഥികൾ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബിരുദ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലേയും ചേരാൻ ഉദ്ദേശിക്കുന്ന കോളേജിലേയും പ്രിൻസിപ്പാൾമാരുടെ ശുപാർശയോടെ 1050/- രൂപ ഫീസ് അടച്ച് സർവകലാശാലയിൽ ഡിസംബർ 21 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടയ്ക്കേണ്ടതാണ്. അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 21. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. നിശ്ചിത തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

### പരീക്ഷാഫീസ്

2020 ജനുവരി 8 മുതൽ ആരംഭിക്കുന്ന യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി റെഗുലർ പരീക്ഷയുടെ (2016 അഡ്മിഷൻ) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴ കൂടാതെ ഡിസംബർ 5 വരെയും 150 രൂപ പിഴ

യോടെ ഡിസംബർ 9 വരെയും 400 രൂപ പിഴയോടെ ഡിസംബർ 11 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ദേശീയ ലൈബ്രറി വാരാഘോഷം സമാപിച്ചു

സർവകലാശാല ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ദേശീയ ലൈബ്രറി വാരാഘോഷ പരിപാടികളുടെ സമാപനം സമ്മേളനം സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി.മഹാദേവൻപിള്ള ഉദ്ഘാടനം ചെയ്തു. സർവകലാശാല ലൈബ്രേറിയൻ ഇൻ-ചാർജ്ജ് ഡോ.അജികുമാരി ടി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ മുഖ്യ പ്രഭാഷണം നടത്തി. മധുമതി എൻഡോവ്മെന്റ് ക്യാഷ് അവാർഡിനു വേണ്ടി നടത്തിയ ഉപന്യാസ മത്സരത്തിൽ വിജയികളായവർക്കുള്ള ക്യാഷ് അവാർഡിനു വേണ്ടി നടത്തിയ ഉപന്യാസ മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനദാനം വൈസ് ചാൻസലർ നിർവ്വഹിച്ചു. ലൈബ്രറി സ്റ്റാഫ് വെൽഫെയർ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജീവനക്കാരുടെ കുട്ടികളിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവരെ അനുമോദിക്കുന്ന ചടങ്ങും പ്രസ്തുത യോഗത്തിൽ നടത്തുകയുണ്ടായി. സർവകലാശാല സിൻഡിക്കേറ്റ് അംഗ് അഡ്വ.എ അജികുമാർ, സർക്കാർ വനിതാ കോളേജ് മലയാള വിഭാഗം അസി.പ്രൊഫസർ ഡോ.എം.ഗംഗാദേവി എന്നിവർ ആശംസകൾ അർപ്പിച്ചു. അസിസ്റ്റന്റ് ലൈബ്രേറിയൻ ഡോ.പി.കെ സുരേഷ്കുമാർ സ്വാഗതവും ഡോ.കെ മെഹബൂബുള്ള കൃതജ്ഞതയും രേഖപ്പെടുത്തി.

തിരുവനന്തപുരം,
29.11.2019

പബ്ലിക് റിലേഷൻസ് ഓഫീസർ